പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1714 — 14.12.2012 ൽ മറുപടിയ്ക്ക്

പാരാപ്ലീജിക് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പാരാപ്ലീജിക് സെന്റർ എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ; | (എ) ആരംഭിച്ചിട്ടില്ല; പാരാപ്ലീജിക് സെന്റർ എന്ന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) ഈ പദ്ധതി കെ.എസ്.എസ്.എം മുഖേന നടപ്പിലാക്കുന്നതിലേയ്ക്കായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ, ഇരിങ്ങാലക്കുടയിലെ കല്ലേറ്റുകരയിൽ എൻ.കെ.മാത്യു ചാരിറ്റബിൾ സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ത്രേസ്യാമ്മ മെമ്മോറിയൽ ഹോസ്പിറ്റൽ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ ഫോർ ഹാന്റിക്യാപ്ഡ് എന്ന സ്ഥാപനം സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് പാരാപ്ലീജിക് സെന്ററായി പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊണ്ടുവരുന്നു. ഈ പദ്ധതി മുഖ്യമായും സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്കും ചലനശേഷി നഷ്ടപ്പെട്ട് (പാരാപ്ലീജിക്) ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും ദൈനംദിന കാര്യങ്ങൾ സ്വയം ചെയ്യുവാനുള്ള പരിശീലനത്തിനും അവരുടെ പുനരധിവാസത്തിനുമാണ് ഉദ്ദേശിക്കുന്നത്. |

Elizabeth

സെക്ഷൻ ഓഫീസർ